DESPATCHED
On.....04/06/2020
26/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920
Email: sic.ker@nic.in

## ഹർജി നമ്പർ AP.No.1070(4)/2012/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.6606/SIC-Gen 2/2012**

സന്നിഹിതൻ

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വിൻസെന്റ് ടി.എഫ്,
തരകൻ ഹൗസ്,
പന്നിശ്ശേരി, കൂനംമുച്ചി പി.ഒ.,
തൃശ്ശൂർ – 680 504.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (ബി സെക്ഷൻ), താലൂക്ക് ഓഫീസ്, തലപ്പിള്ളി, വടക്കാഞ്ചേരി പി.ഒ., തൃശ്ശൂർ.

2. അപ്പീൽ അധികാരി & അഡീഷണൽ തഹസിൽദാർ, താലൂക്ക് ഓഫീസ്, തലപ്പിള്ളി, വടക്കാഞ്ചേരി പി.ഒ., തൃശ്ശൂർ.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ തലപ്പിള്ളി താലൂക്ക് ഓഫീസിലെ B4-C.R/53/73, B4-C.R,229/73 എന്നീ ഫയലുകളിലെ രേഖകളുടെ കോപ്പികൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി കമ്മീഷനു സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളടങ്ങുന്ന ഫയലുകൾ 40–ഓളം വർഷത്തെ പഴക്കമുള്ളതാണെന്നും, അവ ഇളക്കിയെടുത്ത് പകർപ്പുകൾ എടുക്കുന്നത് ഫയലുകളുടെ സുരക്ഷിതത്വത്തെ ഹാനികരമായി ബാധിക്കുന്നതാണെന്നും, അതുകൊണ്ട് വിവരാവകാശ നിയമം 2005ന്റെ വകുപ്പ് 7(9) പ്രകാരം ഫയലുകൾ നേരിൽ പരിശോധിക്കാൻ അവസരം നൽകാമെന്ന് അപ്പീൽ ഹർജിക്കാരനെ എസ്.പി.ഐ.ഒ. അറിയിച്ചിരുന്നതാണെന്നുമാണ്.

3. ഒന്നാം എതിർകക്ഷി, ഫയലുകളുടെ സുരക്ഷിതത്വം മാനിച്ച് നൽകിയ മറുപടിയിൽ അപാകതയുള്ളതായി കമ്മീഷൻ കരുതുന്നില്ല. അതുകൊണ്ട് അപ്പീൽ ഹർജിക്കാരന്, ഇനിയും ഈ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ, ആയത്, നേരത്തെ എസ്.പി.ഐ.ഒ നിർദ്ദേശിച്ചതുപോലെ ഓഫീസിലെത്തി പരിശോധിക്കാവുന്നതാണ്. അതിനുള്ള സഹായം ഒന്നാം എതിർകക്ഷി ചെയ്തു കൊടുക്കേണ്ടതുമാണ്.

4. അതോടൊപ്പം, ഇപ്പോൾ സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെട്ട സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരന് വേണമെങ്കിൽ ടി ഫയലുകളിലെ രേഖകളുടെ ചിത്രങ്ങൾ മൊബൈൽ ഫോണിൽ പകർത്തിയെടുക്കാവുന്നതുമാണ്. ഇത് സൗജന്യമായി ചെയ്യുന്നതിനുള്ള സൗകര്യവും ഒന്നാം എതിർകക്ഷി ചെയ്തു കൊടുക്കേണ്ടതാണ് എന്നു നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 26–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
gk.